# ശകുന്തള

ഗ്രന്ഥകർത്രി:
കെ. പി. കുഞ്ഞിലക്ഷ്മി അമ്മ

PUBLISHERS :
THE MANGALODAYAM LTD.,
TRICHUR.

# ശകുന്തള

## (പൂർവ്വഭാഗം)

സന്ധ്യാഭ പൊന്നുപൂശവേ, വാനിൽ
വൻതമസ്സിൻെറ വക്കത്തും

എന്തെന്നില്ലാത്തൊരാകർഷണീയ-
ബന്ധുരഭാവം പൂവിട്ടു.

ആ യാമിനിയിലാ വാനിൻ പ്രതി-
ച്ഛായയായ് മിന്നിയക്കാടും.

ഏതോ വാക്ഝരി നിന്നുടൻ ശാന്ത-
മേദുരമൌനമാർന്നപോൽ

നിശ്ശബ്ദരമ്യമായ്പ്പരിസരം,
സത്വസമ്പൂർണ്ണമാകിലും.

ചാഞ്ചല്യമാർന്നിടറി സഞ്ചാരം
പൂഞ്ചോലയ്ക്കു,മെന്താശ്ചര്യം!

തട്ടിനീക്കുന്നു തന്മാറിൽനിന്നും
പൊട്ടിക്കരയും വീചിയെ!

സ്വൈരസഞ്ചാരവിഘ്നമാണത-
സ്വൈരിണിക്കു സഹിക്കുമോ?

## ശകുന്തള

വെമ്പുകയാണവസാനമവ-
ളംബുധിപ്രാപ്തി നേടുവാൻ.

ഭാവഗംഭീരമാം നിശാമുഖ-
ത്തേതോ കൈ കരി തേയ്ക്കുന്നു;

മിന്നുന്നതുണ്ടാ മാറിലെന്നിട്ടും
പൊന്നൊളിത്താരമൊന്നതാ!

വിഴുമോ താഴത്തേയ്ക്കു,താധാരം
പാഴ് നിഴൽപ്പാട്ടിലാണല്ലോ.

ചാരത്തജസ്രം മിന്നുന്നു ചന്ദ്രൻ
താരതൻപാദം കൂപ്പവേ

പങ്കിലനാകുമമ്പിളി മിഴി
ചിമ്മി,യോമൽ ചതിക്കുമോ?

ഉർവ്വതാ ദേവി ചൂടിയ പൊന്നു-
പൂവു മണ്ണിലെറിയുന്നു

ഒപ്പമപ്പൊഴുതിൻ നിശ്വാസ-
മപ്പട്ടിതളും വാട്ടില്ലേ?

ബുദ്ധിമുട്ടണം ലൗകികത്തിനായ്
നിത്യവുമാത്മസൌഹൃദം;

പാരിൻതൃപ്തിക്കായ് മർത്ത്യതേ നീ നിൻ
ചോരയും വാർത്തൊഴിക്കണം

# ശകുന്തള

ഗ്രന്ഥകർത്രി:
കെ. പി. കുഞ്ഞിലക്ഷ്മി അമ്മ

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

PUBLISHERS :
THE MANGALODAYAM LTD.,
TRICHUR.

ഒന്നാംപതിപ്പ്  കോപ്പി 1000

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

1122]  [വില 1—4—0

എന്നാലുമതിൽ സ്വാതന്ത്ര്യത്തിൻ പ്രാതൽ-
തന്നെയേകാനശക്ത നീ.

നീളുന്ന നിമിഷങ്ങളോരോന്നായ്—
മാന്ദ്യം കാലത്തിനില്ലല്ലോ.

വാനിൻ പതക്കമോ മണിത്താര
വീണനേരത്താണങ്ങതാ,

മാലിനീതടസീമയിലൊരു
മാലതീകുഞ്ജഗർഭത്തിൽ

ഗാഢപരിഷ്വംഗോത്സുകമാകും
മാതൃവക്ഷസ്സിന്നുഷ്ണവും;

ചുംബനപരമാകുമമ്മതൻ
ചെഞ്ചുണ്ടിന്നണിമുദ്രയും;

മായുകയല്ല, മങ്ങിയുമില്ലാ-
ത്താരോമൽപ്പൊന്നുപൂന്തനു

മന്ദഹാസാഞ്ചിതാസ്യം നിദ്രയിൽ
മിന്നി മേവുന്നു പുൽത്തട്ടിൽ!

അന്തമററ വാനുററുപാർക്കുന്നു
പൊന്താരകളാം കൺകളാൽ.

മന്ദപവനൻ താലോലിക്കുന്നു;
മന്ദാ മൈ തടവീടുന്നു.

ദിവ്യമാം മാതൃപ്രേമത്തിൻ പര-
നിർവൃതിയോ ഈ മഞ്ജിമ?

തെന്നലിലാഞ്ഞുലയുമമ്മുടി
ചിന്നും ഫാലശ്രീ, എന്നല്ല,

പേർത്തും ചിമ്മിയ കൺകളും പൊന്നിൽ
വാർത്ത ഗണ്ഡവും ചെഞ്ചുണ്ടും

മൈ മലർന്നൊട്ടു ചായ്ച്ചു തൻ ശിര-
സ്സേവം കിടപ്പും കൺപാറും

മന്മനമേ, നീ വെമ്പിടാതൊന്നാ-
ക്കണ്മണിയുണർന്നീടട്ടെ!

*　　　*　　　*

ഇന്ദ്രദിങ്മുഖത്തങ്കിതമായി-
ല്ലിന്നിതേവരെക്കാല്യശ്രീ:

ആരിങ്ങെടുക്കും തേജസ്വി? ഭാസ്വാൻ
പാരിലേയ്ക്കിന്നിറങ്ങിയോ?

ഇല്ലില്ല തപഃസാഫല്യമാർന്ന-
തല്ലി, തദീയപ്രാഭവം!

പക്ഷികൾ നോക്കിക്കൊണ്ടീടുവതാ-
മക്ഷയഭാസ്സു കാണവേ

തൽക്ഷണം ചിന്താസ്തബ്ധനായ് അതാ-
രീശ്വരാ, ഋഷേ! കൂപ്പുകൈ!

പ്രാക്തനബന്ധവൈഭവാൽ സ്വത്വ-
മാത്രം മിന്നുമാസ്യത്തിലും

സ്വത്വം രാജസശ്രീ ചേർത്തു, കണ്വൻ
പുത്രിയായ് കണ്ടു കുഞ്ഞിനെ.

അന്യഥാ ഭാവിജ്ഞാനിയാമങ്ങോ-
ക്കന്യകർത്തവ്യമെന്തിതിൽ?

*　　　*　　　*

മഞ്ഞുപുതപ്പിട്ടുന്നു പുൽമെത്ത
തന്നിൽക്കണ്ടൊരാകുഞ്ഞാരോ?

ചീർത്തൊരസൂയ പെററതാമസൂ-
യാർഹമാമനഘൈശ്വര്യം;

രണ്ടപരാധമൊത്തതിൽനിന്നു-
മുണ്ടായൊരാത്മസംശുദ്ധി;

വൻതപോഭംഗപങ്കത്തിൽനിന്നു
പൊന്തിയ നറുംതാമര;

മേനകാവിശ്വാമിത്രരിൽ പുഷ്പ-
ബാണനാർന്ന വിജയശ്രീ;

ഭാരതത്തിൻ പ്രതിഷ്ഠയ്ക്കായ് ജന്മ-
ഭാരം വഹിച്ച ദൈവതം;

കാളിദാസസൽക്കാവ്യദ്യോവിങ്കൽ-
പ്പാലൊളിതൂകും പൊങ്കതിർ;

# ശകുന്തള

ആശ്രമത്തിങ്കൽനിന്നു താഴ്ന്നൂഴി-
ക്കാശ്രയമേകിപ്പൊങ്ങിയ
പകചജീവിതത്തിന്നിളപ്പമാ-
മിക്കരുന്നീശകാരുണ്യാൽ
വന്യശകുന്തരക്ഷയാൽ പിന്നീ-
ടെന്നും 'ശകുന്തളാ'ഖ്യയായ്.

## II

“വന്നുപോയ്ഞാനീ മാൻകിടാവിനെ-
യൊന്നുകൂടെടുത്തീടട്ടെ,
അച്ഛനോടമ്മ പോയ്പറയുകി,-
ക്കൊച്ചു വന്നെത്തിപ്പോയെന്നായ്.”

സന്ധ്യ മായുന്ന കണ്ടു ഗൌതമി
വെമ്പി വിളിച്ചു കുട്ടിയെ
“അമ്മൂ, നിൻതെററു താതനെക്കൊണ്ടീ-
യമ്മയെപ്പഴിപ്പിക്കകിൽ—”
“ഇല്ലില്ലെ”ന്നവളാശ്വസിപ്പിച്ചു
ചൊല്ലിയുച്ചത്തിലെങ്ങുന്നോ?
ഭീതയായ് വൃദ്ധ,‘പൈതലിൻകാട്ടു-
കേറുന്നെ’ന്നാക്ഷേപിക്കവെ
തോളിലുമ്മവെയ്ക്കുന്ന വാർമുടി
ചേലിലിടയ്ക്കൊതുക്കിയും
സ്വാഭാവികശ്രീ കൂടീടുമംഗ-
ശോഭയെ മറയ്ക്കാതെയും;
ആരാലടുത്തു കൂറോടെ തന്റെ
മാറിൽ ചേർത്ത മാൻകുഞ്ഞുമായ്

“അമ്മെ,യെൻകുട്ടിയാണിതെ”ന്നവൾ
നന്മധുതൂകി,യക്ഷമം

ചുംബിച്ചിതാ മാൻകുഞ്ഞിനെ പേർത്തും
തൻമുഖം വിയർപ്പോളവും.

ഉത്തരമുണ്ടോ കാത്തില്ല, തന്നെ
പ്രത്യയപൂർവ്വം നോക്കിടും

മാനിലാണവൾക്കപ്പോഴുമവ-
ധാനം ധാത്രി തിടുക്കയായ്:

“കുഞ്ഞേ! സാന്ധ്യത്തിനെത്ര വൈകി, മാൻ-
കുഞ്ഞുമായിങ്ങു നിന്നാലോ?

അച്ഛൻ കോപിക്കും”—“മാനിനോടച്ഛ-
നിഷ്ടമാണ”വൾ ക്ലുകിനാൾ.

മുന്നിലാ മാനിൻകുഞ്ഞിനെ വെച്ച്
നിന്നവൾ വീണ്ടും ചൊല്ലിനാൾ:

“അമ്മയോടൊപ്പം ഞാൻ വരുംപോലെ-
യിമ്മാനെന്നെത്തുടരണം,

ഞാൻ ജപിക്കുവാനില്ല,ല്ലെന്നാകിൽ”—
തേഞ്ചൊല്ലിൽ വാശി കൂടിപ്പോയ്!

കൊഞ്ചുമഞ്ജ്വാലാപം മാറി, ചെഞ്ചുണ്ടിൽ-
പ്പുഞ്ചിരിവെണ്മ കൈവിട്ടു.

അഞ്ചുവയസ്സിൻ ചാപലമാരു-
മഞ്ചും ഗൌരവമേലവേ

ധർമ്മസങ്കടമാൻു ഗൌതമി-
യിമ്മകളോടെന്തോതും താൻ?

ഭാരതപ്രതിഷ്ഠാപനകർമ്മ-
ഭാരം വഹിച്ചീടേണ്ട കൈ

അക്ഷമാലയിൽ രുദ്രാക്ഷമെണ്ണാ-
നക്ഷമമാകിലെന്തതിൽ?

ശീലിക്കേണ്ടതായുണ്ടവൾക്കന്നോ
മാലെഴും ഗൃഹ്യാനുഷ്ഠാനം

വാസനാവൈഭവത്തോടാവുമോ,
ശാസനത്തിന്നു നേരിടാൻ?

*　　　*　　　*

ധ്യാനനില്ലീനനായിരിക്കുന്നു
ദേവനാശ്രമത്തിന്നുള്ളിൽ

അന്തികസ്ഥമാം ഹോമാഗ്നിയുടെ
ബന്ധുരച്ഛായ പോലവെ

ഉൾത്തിങ്ങും സൌമ്യഭാവത്തിൻ തള്ള-
ലൊത്തു നരച്ച തന്മുടി

ഏതൊരപരാധിക്കും സ്വാഗത-
മോതുന്നപോലെ മിന്നുന്നു.

"മാപ്പേകണമച്ഛാ, വൈകിപ്പോയ് വരാൻ"
മാറ്റൊലിക്കൊണ്ടകയിമ്മൊഴി!

അഞ്ജലിയോടേ നിന്ന ഗൌതമി-
യങ്ങൊട്ടു മാറിനീങ്ങവെ,

സസ്നേഹമൊരുനോക്കിനാലവൾ-
ക്കച്ഛൻ സൽക്കാരമേകിനാൻ.

അത്ഭുതാവിഷ്ടനായി പെട്ടന്നൊ-
രമ്പരപ്പോടന്വേഷിച്ചു:

"എന്തിതമ്മിണി, പാൽ കുടിക്കേണ്ടീ-
ക്കുഞ്ഞിന്റെ തള്ള ചത്തിതോ?

വേർപിരിച്ചതോ നീയവയെ?"—തൻ-
ഭാവം പകർന്നിതോമലിൽ

പശ്ചാത്താപത്തിൽ വൈവശ്യം ഭ്രാന്തി-
മത്താകാമബദ്ധത്തിലും!

ഈശനെ സ്തുതിക്കാനിരുന്നില്ല—
പേശലാന്തരമത്രയും:

"അയ്യോ കഷ്ടമിസ്സാഹസം കുഞ്ഞിൻ
തള്ള പോയ്പ്പോയോ, കാണുമോ?"

അസ്തപർവ്വതഗഹ്വരത്തിലേ-
യ്ക്കെന്തോ തേടിപ്പോയ് ഭാസ്കരൻ;

ആശ്രമോപാന്തകാന്താരത്തിലേ-
യ്ക്കൗത്സുക്യമോടക്കൂട്ടിയും.

മാതൃവാത്സല്യത്തിൻ പ്രചോദന-
മാദരിച്ചോടിയസ്വസ്ഥം

പാറുമശ്ശലഭത്തെപ്പാർത്തുകൊ-
ണ്ടൊരാൽ മഹർഷി ചൊല്ലിനാൻ:

"ഗൗതമിയ്ക്കാവില്ലിന്നിമേൽ സ്വയ-
മീ വികൃതിയെ നോക്കുവാൻ

ഏല്പ്പെടുത്തണം തോഴിമാരെ നാ-
മീ പ്രായം ക്രീഡാലാലസം."

കർത്തവ്യാന്ധരായ് നില്ക്കും പിതാക്കൾ
ക്കുത്സവമേകിയമ്പിളി.

കാത്തു കേണിട്ടുമമ്മയെത്തേടി-
ച്ചേർത്തു പൈതലെ, വേഗത്തിൽ

പാരിനുള്ളാന്ധ്യമപ്പടി തീർക്കാ-
നാരാൽ വെൺമതി തൂകിടും

ജ്യോത്സ്നയിൽ നീന്തിയെത്തുവതാരാ-
ണോ'ശ്ശകുന്തള'യല്ലാതെ?

"പൂവറുക്കുവാൻ പോക നാം സഖി
കാവിലേയ്ക്കു, നീയില്ലയോ?"

"ഇല്ലാതെന്ത,"വൾ രോഷംനടിച്ചു
ചൊല്ലിച്ചുജ്ഞാതിമാരോടായ്

മുൻനടന്നി,തേകാന്തത്തിലെത്തി
നിന്നും, കാണുമ്പോൾ നീങ്ങിയും.

അങ്ങിനെ ക്ഷണം വാടിതൻ സീമ
മുന്നിലായ് കണ്ടു മണ്ടിനാൾ

വല്ലരിതോറും വല്ലായ്മയെന്യേ
മല്ലാക്ഷിയോടിപ്പൂ തേടി

തോഴിമാർ മരംകേറി,ക്കൊമ്പുകൾ
കീഴോട്ടുതാഴ്ത്തി യോതിനാർ:

"ഓമനേ, പൂവറുക്ക വേണ്ടത്ര
പൂമരം തലചായ്ച്ചുതാ,

കാമനീയകമാകും സൌന്ദര്യ-
ധാമമേ, നിന്നെ വന്ദിപ്പൂ.

പല്ലവം വെല്ലും നിൻപാണിയിതിൻ
ചില്ലയിൽ പട്ടു ചാർത്തട്ടെ."

പൂക്കൊതി തീർത്ത തൻകലഹത്തെ
പോഷിപ്പിച്ചൂയീ ഹാസോക്തി

നില്ക്കാതെയോമൽ യാത്രതുടർന്നി-
ത്തുൾക്കടരോഷമേകയായ്

തക്കത്തിൽ പൂക്കൊമ്പാഞ്ഞു കുലുക്കി
യുക്തിയേറുമനസൂയ

അക്കൊമ്പിൻ തലപ്പാശ്രയിച്ചുടൻ
ചിക്കെന്നു ചാടിത്താഴത്തു

കാലിടറിയതായ് നടി,ച്ചെന്തോ
തോഴിയോടേങ്ങി,യാകുലാൽ

ശബ്ദം കേട്ട,ക്ഷി പിൻ തിരിച്ചോര-
മ്മുഗ്ദ്ധ കണ്ടാളഭിനയം.

കൃത്രിമശബ്ദബോധമില്ലാതെ
സത്വരമോടിവന്നവൾ

'എന്തെന്തെ'ന്നനുതാപാവിഷ്ടയായ്
തത്തോഴിയോടന്വേഷിച്ചു.

മിണ്ടാതെ തേങ്ങി മാത്രനേരം,മുൽ
കണ്ഠഭീതിവളർത്തവെ

"ശണ്ഠകൂട്ടുവാനീലോലാന്തരം
പണ്ടുമശക്തമല്ലയോ,

വമ്പിതെന്തു തുടന്നു നീ?" ഹസി
ച്ചമ്പിൽ പുണർന്നാളത്തോഴി.

നിർബ്ബന്ധിച്ചങ്ങുനിൽത്തിസ്സഖിയെ-
യുറ്റുനോക്കി പ്രിയംവദ.

ശകുന്തള

രണ്ടാളും തങ്ങളൊത്തു കെട്ടിയ
കണ്ടാൽ കൊതിക്കും പൂമാല്യം

"ഇമ്മനോജ്ഞമാല്യത്തിൻെറ പ്രതി-
ച്ഛന്ദമെന്നോതിയാദരാൽ

ചാർത്തിച്ചു ബാല്യം മായാഞ്ഞും നവ-
താരുണ്യം ചേരുമമ്മാറിൽ.

കർത്തവ്യോല്ലുയാം കന്യയോ പിതൃ-
കല്പിതമോർത്തുഴറൊടെ

കാന്താരദേവതയ്ക്കുമുൾത്താപം
കാന്തിയാലേകിത്താദൃശം

നൽസുമവാടീസേവനത്തിനായ്
തൽസഖിമാരൊത്തോടിനാൾ.

## IV

നീലവാനിലത്താരസേവന-
മേലുമമ്പിളിക്കീറുപോൽ;

ബാലകുഡ്മളയുഗ്മമാദ്ധ്യസ്ഥ-
മാളും ചെമ്പനീർപ്പൂവുപോൽ;

ഭക്ത്യാദരാന്തരാളസ്ഥദയാ-
ശക്തിപോൽ; പ്രേമമുക്തിപോൽ;

പൃഥ്വിപാക്ഷിയ്ക്കു ലക്ഷ്യമായ്, സഖി
മദ്ധ്യഗയാളാ വാടിയിൽ

അനൈസർഗ്ഗികസൌന്ദര്യാദർശം
തന്നിലാശ നിഴലിയ്ക്കെ

അശ്ശുകുന്തളാജ്യോതിസ്സിൽ മുങ്ങി
ദൃഷ്ട്യന്തക്ഷാത്രപ്രാഭവം,

ശൈശവത്തോടടുത്തുകൂടിയ
പേശലയുവഭാവംപോൽ,

മാനമപ്പൊഴെ പോക്കവാനൊപ്പം
തൂണീരംപൂണ്ട കാമൻപോൽ,

ദീനജനാവനത്തിനായ് വാന-
സ്ഥാനം വിട്ടുള്ള ദേവൻപോൽ,

## ശകുന്തള

പ്രത്യക്ഷമായിതദ്ദേഹം ലോക-
വൃത്തമോരാത്താ ദൃഷ്ടിയിൽ

ചിക്കെന്നാ മദനോന്മാദരംഗം
സൽകാരോത്സുകമാകവെ,

നില്ക്കുകെന്നിടംകോലിട്ട ലജ്ജ
മിഴ്ക്കുത്തും തോല്ക്കും മാതിരി.

നിന്നു നോക്കുമസ്സന്നിധാനത്തിൽ
വന്നുദിച്ചിതു സൽപ്രേമം.

V

ബാല്യചാപല്യം വെന്നയൌവന-
കാല്യകാലമദോന്മദം

ആകർഷണീയസൌഭഗംതന്നി-
ലാകേ വന്ന പരിണാമം

മോദദായകമായതിലേറെ
മാദകമായി തദ്രൂപം.

സ്വാമിനി പോകുന്നേടത്തു ദീപം
തോഴിമാർ കാട്ടു,മല്ലാതെ

വേർതിരിക്കില്ല മാർഗ്ഗമ,തവ-
ക്കാവില്ല,തല്ല നീതിയും.

പ്രേമദൈവതം പ്രത്യക്ഷമാകെ-
ക്കാമിനി കണ്ണടച്ചില്ലാ:

ലോകനീതികളോരുമോ നിത്യ-
കാനനവാസികൾക്കഹോ!

വൽകലമാട, പൂവണിഭൂഷ,
തൽക്കാല്ക്കൽ പൊന്നുചൂഡയും—

കൈതൊഴാം നാരീസൌഭഗമേ നി[illegible]
പാർ വെല്ലും ക്ഷണശക്തിക്കായ്!

അപ്രഗത്ഭസൌന്ദര്യമൊത്തവ-
ളർപ്പിച്ചാൽ നിജജീവനും.



സാഹിത്യ അക്കാദമി
കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

ആരയാൾ? സാർവ്വഭൌമൻ, ശാസ്ത്രമ-
ന്നാരിയെക്കഷ്ടം വഞ്ചിച്ചു.

'പ്രത്യക്ഷദൈവം ഭൂപതി' വീഴ്ച
നിത്യനുണ്ടാമെന്നോർക്കാമോ?

ധർമ്മജ്ഞക്കൊക്കമാറില്ല, പക്ഷേ
ധർമ്മാചാരങ്ങൾ മിക്കതും.

അജ്ഞനോരാതെ ചെയ്യുമധർമ്മം
പ്രജ്ഞനാത്മാർത്ഥമായ് ചെയ്യാം.

ഇഷ്ടതോഴിമാരാശ്വസിപ്പിച്ചു:—
"എത്തും വൈകിടാതദ്ദേഹം,

മന്നവനല്ലേ, കാര്യാന്തരത്താൽ
വന്നിടാം ഭംഗമെപ്പോഴും."

"മന്നവൻ" അതേ,യാവർത്തിച്ചാളാ-
ത്തന്വി,തൻ ചിന്തയെന്താവോ?

അന്യഥാ, നൈരാശ്യത്തിലാമജ്ജി-
ച്ചൊന്നു മോക്കരുതാഴ്കയോ?

പുഷ്ടശ്രീകമാം തന്നുദരത്തെ
ഹൃത്തട്ടലിഞ്ഞു നോക്കവേ

കഷ്ടമെന്നവൾ, വീർപ്പിട്ടു മന്ദം
പൃച്ഛിച്ചാൾ "അച്ഛൻ വന്നാലോ?"

പെട്ടെന്നോരിടിയേററ പോൽ സഖീ-
യുഗ്മം ഞെട്ടിപ്പോയെങ്കിലും

അന്നായജ്ഞമാരോതി“യച്ഛനെ-
ന്തന്യായം കാണ്മാനുണ്ടിതിൽ?

തൻപുത്രി വീരപത്നിയായ്, പോരാ
സുപ്രതിഷ്ഠിത മായ്പ്പോരും.”

തന്നത്താൻ തന്വി മാത്ര മറന്നാ-
ളിന്നാരാണു താൻ, അച്ഛനോ?

അപ്പരമഭാഗ്യത്തിലുയർത്തും
തൽപ്പദമുറച്ചീലെങ്ങും.

“ബാല്യസഖാക്കളാം വടുക്കളെ-
ന്താലോചിക്കുമെൻ കാര്യത്തിൽ?

അമ്മ ഗൌതമിക്കെത്രമേൽ രസ-
ഭംഗമാകുമെൻ സാഹസം?”

ഒന്നും തോന്നീലാക്കാതരസ്സുള്ളം
തന്നത്താൻ പിടച്ചീടവേ!

പശ്ചാത്താപത്തിൽ നീറുകല്ലാതെ
തെററിനെന്തുണ്ടാമാശ്വാസം.

“എന്തിരുപ്പിതെ”ന്നുക്തിയാൽ ധാത്രി-
യന്തികത്തിലണയവേ,

## ശകുന്തള

സന്ധ്യാകർമ്മസംഭാരത്തിനായി
തന്തോഴിമാരൊഴിയവേ,

രാത്രിയെ വഴികൂട്ടിയ സന്ധ്യ
ഭാസ്കരനൊത്തിറങ്ങിപ്പോയ്

ആശ്രമാന്തരത്തിങ്കലേകയാ-
യാശ്രയാശാന്തികസ്ഥയായ്

കണ്ണടച്ചീശധ്യാനം ചെയ്കെ,യ-
ക്കണ്വാഗമനപ്രസ്താവം,
ഘോരനീരദനാദം പന്നഗ-
നാരിയെയെന്ന മാതിരി,

മിക്കതും പ്രജ്ഞാഹീനയായ് വീഴ്ത്തി
വെക്കമെക്കുററക്കാരിയെ.

## VI

നാഗരികമാണീ വേഷമവൾ-
ക്കേകിയായതും ദിവ്യത.

തൽപ്രസാധനം ചെയ്തു കൺപാർത്തി-
തപ്രഗത്ഭസഖീജനം

നിഷ്ക്രതാസക്തനെങ്കിലും, നോക്കി
നില്ക്കയായ് കണ്ണപ്പൻ പുത്രിയെ.

ആദ്യവിയോഗാരംഭത്തിൽ തെട്ട-
ലാർത്തി തന്നിലും ചേക്കവേ,

ഗദ്ഗദാക്ഷരം ചൊല്ലിയദ്ദേഹം
"നില്ക്കരുതിനിപ്പോക നീ,

കന്യപോൽ പിതൃസന്നിധിയില-
ല്ലിന്നിമേൽ വസിക്കേണ്ടു നീ,

സൽസുതാപ്തി തേ കൈവരുത്തട്ടെ
നിസ്സീമം പതിപ്രേമത്തെ;

തെററുന്നു സന്മുഹൂർത്തം, ഭീരുതേ
മുററിത്തൊഴിച്ചു നില്ക്കയോ?

ബാല്യമിത്രങ്ങളോടു തല്ക്കാല-
മോതു യാത്ര നീ കേഴാതെ;

എത്ര നാൾ പ്രതീക്ഷിച്ചതാണേവം
ഭർത്തൃസംഗമം താവകം!

അത്ര നിൻ ശുഭകാംക്ഷയാ—" ശേഷ–
മുക്തി കണ്ണീരിടറിച്ചു.

വാത്സല്യച്ചിറ വററിപ്പാൻ പററി–
ല്ലേതു തപസ്സിൻ ചൂടിനും!

"കാണുമതെന്നിനിയച്ഛനെ"യെന്നാ–
ളോമലാളാശ്ലേഷിച്ചുടൻ.

"കണ്മണി, ലൌകികാനന്ദതൃപ്തി
വന്നാൽ, നിൻവാനപ്രസ്ഥത്തിൽ

മാളേക്കാമല്ലേ പോകൂ" ധീരത നടി–
ച്ചാകുലൻ വിട്ടു മാറവേ

വിങ്ങിക്കരയും ചങ്ങാതിമാരെ–
ച്ചെന്നു പുണർന്നാൾ ഗാഢമായ്.

സാന്ത്വനമോതിയ,ന്നായജ്ഞമാർ
സാശങ്കമെന്തോ ചിന്തിച്ചു;

"ഭർത്തൃദത്തമാമംഗുലീയകം
ശ്രദ്ധേയ"മെന്നുഴറിനാർ

കാന്താരതരുവല്ലീമൃഗങ്ങൾ
കാന്തിമത്താം മറെറാക്കെയും

മുററും യാത്രയരുളേണ്ടതുണ്ട-
ക്കററവാർവേണിക്കാദരാൽ.

എത്തിനാർ സഹയാത്രികർ,ശങ്ക-
വിട്ടു ശാസിച്ചാൾ ഗൌതമി:

“തെററും മുഹൂർത്തം, അങ്ങും കൂട്ടിയോ?
തെററാം ജലാന്തം മാർഗ്ഗം നാം.”

കൂപ്പുകയ്യുമായേവരും തല
താഴ്ത്തിനാർ വികാരാന്തരാൽ

അങ്ങിങ്ങായിടയ്ക്കൊക്കയും നിന്നു
പിന്നിലേ,യ്യൊന്നും മിണ്ടാതെ,

കൺ മറവോളം നോക്കിനാരവർ
നിർന്നിമേഷമാം കണ്ണിനാൽ

ചിന്താസഹസ്രസമ്മർദ്ദമേററു
നൊന്ത ഹൃത്തുമായ് മെല്ലവേ

ദുശ്ശകുനസമാകുലം നിജ-
ലക്ഷ്യമാന്നു ശകുന്തള.

## ഉത്തരഭാഗം

പെട്ടുപോയിതോ കുഞ്ഞേ,
കൺമുന്നിലന്നേ ചെയ്ത
തെററു തീർക്കുവാൻ വന്നൊ-
രമ്മയെഗ്ഗണിയ്ക്കാതെ

മാനഹേതുവാൽ കുട്ടീ,
സാഹസമേതൊന്നുണ്ടീ
മാനിനി ചെയ്തീടാതി-
ങ്ങാരതു ഗൌനിയ്ക്കാത്തു?

എന്നുമല്ലമ്മൂ, ഞാന-
ന്നുററു കണ്ടിതു നിന്നെ
കണ്വപുത്രിയായ് സത്വ-
സൌഭാഗ്യനിധിയായി

പാലിനെക്കാളും പുഷ്ടി-
സാധകം, ജനയിത്രീ-
ലാളനാസ്വാദം കുഞ്ഞി-
ന്നറിവില്ലാഞ്ഞതല്ലൊന്നും

പൊട്ടുന്ന ഹൃദയത്തോ-
ടാത്മസന്താനത്തെക്കൈ-
വിട്ടുപോം ജനനിയെ-
ച്ചൂണ്ടിടും സമുദായം

അക്കട്ടംകയ്യിന്നന്നും
പ്രേരകമായോരാത്മ-
ദുഷ്കൃതിക്കരി പുഷ്ക-
ക്കമ്മായത്തോപ്പാൽ മാഴ്കും.

പൂരുഷന്മാരിൽ പക്ഷ-
പാതിയിസ്സമുദായം
പൂരുഷസ്വേച്ഛൈകസം-
സൃഷ്ടമിസ്സമുദായം

നാരിയെപ്പഴിയ്ക്കട്ടെ—
വാസ്തവം മറച്ചാഴ്ക-
പൂരുഷാഭിജാത്യത്തിൻ-
ജഡമിങ്ങിളകാതെ

സ്വീകാര്യൌദാര്യത്തോട
ത്യാഗകൌശലംകൂടി
സ്ത്രീകൾ നാമവരിൽ ക-
ണ്ടറിവോരല്ലീ മുററും.

ഒന്നു കൺമിഴിയ്ക്കൂ നീ
ജീവിതം തനിത്തേന-
ല്ലെന്നറിഞ്ഞപ്പോൾത്തന്നെ
തട്ടിയങ്ങെറിഞ്ഞാലോ?

ഓമനേ, സഖിമാരോ-
ടൊന്നിച്ചു പലപ്പോഴും
പൂവനത്തിങ്കൽ നിന്നെ-
യൊളിഞ്ഞു കണ്ടോരിവൾ

വഞ്ചിതമായിപ്പോമീ-
യഞ്ചിതാകൃതിയുമെ-
ന്നഞ്ചിയില്ലയ്യോ, മർത്ത്യൻ
മട്ടിപ്പൂ കാലാൽ പൂവും!

ധാത്രിതൻ വത്സത്തിങ്കൽ
കൊഞ്ചിയേറിടും നിന്നെ
മാത്സര്യം കൂടാതീക്ഷി-
ച്ചീടാൻ ഞാൻ സഹിച്ചതോ?

പിച്ചവെച്ചോടിച്ചെന്നാ
രക്ഷകമഹർഷിതൻ
സ്വച്ഛന്ദധ്യാനം മുട-
ക്കാനെത്തുമിടയ്ക്കിടെ

പെററമ്മയിതോരോന്നും
നോക്കിനിന്നസൂയയോ-
ടററമററവശയായ്-
ത്തീരുകിൽ കഴിവെന്തേ?

ഒക്കയും കുമാരികേ,
നീയറിഞ്ഞീടും, പുത്ര-
സൽകൃതി ലഭിച്ചാകിൽ
ദൈവകാരുണ്യത്തിനാൽ

ഇന്നു ഞാൻ "മാപ്പെ"ന്നെൻറെ
വാത്സല്യക്കരുന്നിൻറെ
മുന്നിൽ വന്നിരന്നപ്പോളും
ദുർവ്വിധേ, ചതിച്ചോ നീ?

മേനകാമൃദുഹസ്ത-
മാദ്ധ്യമായ് സാധുസ്നേഹ-
ത്തേന്മഴ പെയ്ത രാജ-
ധിക്കൃതപ്രേമത്തിന്മേൽ.

ആരുപേക്ഷിച്ചാലെന്ത-
തെന്തിനായാലെന്തേ, സ്വീ-
കാരയോഗ്യരാണമ്മ-
സ്സാത്മജരാജന്മാന്തം.

ക്ഷണമൂർച്ഛയിൽനിന്നു-
മുയരുമിടകൊണ്ടേ-
ത്തനയാതനു താങ്ങി-
യപ്സരസ്സയന്നുപോയ്

# ശകുന്തള

മാമുനി മരീചിത-
നാശ്രമോപാന്തത്തിൽ വെ-
ച്ചോമന, ജനിത്രിയെ-
ക്കേട്ടറിഞ്ഞിതു മോദാൽ

അമ്മയോടീമട്ടാദ്യം-
ചേർന്നമർന്നോരാ മാത്ര
വർണ്ണനാതീതം, ഭാഷ-
യ്ക്കില്ലതിൽ പ്രവേശനം!

കാപട്യം കലരാത്ത,
വിശ്വാസം വെടിയാത്ത
കാനനവാസീജനം
പോയ രംഗമേ വീണ്ടും.

ഒട്ടൊരു ഭേദം, വാള്ള-
ദൗഹൃദം, സ്ത്രീത്വത്തിന്റെ
പട്ടാഭിഷേകോത്സവ-
സംരംഭം തികവായി

ദിവ്യമാ നിധിയർപ്പി-
ച്ചീടുമർച്ചന ചെയ്യാൻ
ഭവ്യതാപസവൃത്തി,
മാതൃവാത്സല്യാസ്വാദം.

മൂർച്ഛ തീർന്നപ്പോൾ മാതൃ-
വക്ഷസ്സിലമർന്നവ-
ളാശ്വസിച്ചാ“ളീ നാശം
നന്മയ്ക്കു വളമായി.”

ആശയൊന്നല്ലാതേതി
ദുർഘടപഥത്തിങ്കൽ
പേശലപദം തുട-
ർന്നിടും സഹായിനി

എന്നാലുമിടയ്ക്കിട-
യ്ക്കാ ശ്രുതകഥാദ്ഭുതം
തന്വിയെപ്പീഡിപ്പിക്കും
സന്തതസ്മരണയാൽ

അപ്പൊഴൊക്കയും തപഃ-
പ്രാഭവത്താലാ രംഗ-
മപ്രമേയമാം ശാന്തി
സാന്ത്വനൌഷധമേകും.

സഖിമാരൊന്നിച്ചന്നു
വൃക്ഷസേചനം ചെയ്കെ
പ്രകടീകൃതപ്രേമം
പ്രത്യക്ഷനായദ്ദേഹം

ഒടുവിൽ ജനാന്തികം
ധിക്കരിപ്പോളും തന്നോ-
ടിടപെട്ടോരച്ചിത്ര-
മോരോന്നും വരച്ചവൻ

ഉടനൊക്കയും മാസ്സു-
മുൾക്കളും വിശ്രുഭമാ-
ക്കിടുവാൻ കൊതിച്ചെന്നാ-
ലന്ത്യമായൊരാ രംഗം

വിസ്തൃതസഭാതലം
പണ്ഡിതാമാത്യാദ്യന്യ-
മർത്ത്യസംവൃതം, ശില്പ-
കൌശലനിദർശനം,

മധ്യസ്ഥസിംഹാസനാ-
വിഷ്ടനായിരിപ്പോരാ-
ദുഷ്യന്തമഹാരാജാ,-
വന്തികസ്ഥയാം താനും.

ആഴിതന്നടിയിലെ
രത്നത്തെ,ത്തിരത്തല്ലിൽ
പൂഴിയിലേറിക്കൊണ്ടാൽ
കളിക്കല്ലാക്കാമാർക്കും.

തന്നെത്താൻ മറക്കുമ-
സ്സാർവ്വഭൗമത്വം കണ്ടു
ട്ടന്നിരീക്ഷ്യരായ് തീർന്നു
തന്നനുയായീജനം

വന്നപോൽ മടങ്ങുന്നു,
ഗൗതമി സശങ്കയായ്
നിന്നു നോക്കുന്നു പിന്നോ-
ട്ടൊന്നുരണ്ടിട വീണ്ടും.

നിർമ്മമം, മാനംകെട്ട
തൻനില നിനച്ചെന്തോ
തമ്മിലോതവെ ധന്യ-
മാകുമസ്സഭാതലം.

നിശ്ചലം വിയർത്ത കൈ-
പ്പുടത്തിൽ തല ചാച്ചു
നിശ്ചയം വരാതൊന്നും
തന്നാഥനിടരേല്ക്കേ.

ചുറ്റിടം സമീക്ഷിയ്ക്കാൻ
ശക്തയല്ലാതെ,യങ്ങു
പറ്റിനില്ക്കുവാൻ ധൈര്യം
പോരാതെ ലവലേശം

# ശകുന്തള

കാക്കാനുമുറക്കാനു-
മാളല്ലാതുഴലവെ-
ത്താഴെത്താൻ പതിച്ചതും
തറ പററീടുംമുമ്പെ

വാത്സല്യമസൃണമാം
സ്പർശമൊന്നവിവേക-
മാത്സര്യം കലരാതെ
തന്നിലാപതിപ്പോളം

സർവ്വമുൽകണ്ഠാദൈന്യ-
കൌതുകങ്ങളോടോക്ക-
മവ്വണ്ണം നിമിഷങ്ങ-
ളൊന്നൊന്നായ് മറഞ്ഞുപോയ്.

II

മരീചിമാമുനി
പടമണഞ്ഞ നാൾ
തുടൻൻ മേനകാ-
ത്മജ വിചാരിച്ചാൾ:

വരിച്ചതില്ലല്ലോ
മരണവുമെന്നെ-
ധരയ്ക്കു ഭാരമായ്
ഭവിച്ചുമീവിധം;

വരൻ വെടിയുകിൽ
മരണം മെച്ചമി-
ത്തരുണികൾക്കു ഞാ-
നവമാനിതയും!

നരൻ കൃതഘ്നനാ,-
ണതിലുമീശത
പരം നികൃഷ്ടമെ-
ന്നനുഭവം വന്നു.

മറവിയിൽ പുമാൻ
മറയ്ക്കുന്ന ചിത്രം
സ്മരണയിൽ നാരി
പുതുക്കവതത്രേ.

ഉപവനതരു
മറഞ്ഞുനിന്നുടൻ
പ്രമദഭൃംഗവീ-
ഡിതയാകുമെന്നെ

സഖീജനാന്തികം
പരിപാലിച്ചു, പി-
ന്നഘവശയാക്കി-
ത്തിരിച്ചു ഭൂപതി

'അടുത്തു വന്നിടാം'
അടിച്ചു വീണൊരെൻ
മുടി തടവിനി-
ന്നരച്ചൊരാ മൊഴി

വിരഹവേദനാ-
വിധുരയാമെന്നെ-
പ്പരിചരിക്കുവാൻ
സഖികളോടോതി

അടിച്ചൂടി തിരി-
ഞ്ഞവശനായ് നോക്കി
യടവിപൂക്കുന്നു
മറഞ്ഞൊരപ്പടം

ശിവനെ, എങ്ങിനെ
മറന്നിത,ന്നിയ്യു-
ള്ളവരെയൊത്തിണ-
ക്കിയ സഖികളെ;

അടവിവാസവു-
മതിസുഖമാക്കാ-
നടവുകാട്ടിയോ-
രരിയ മാനിനെ;

നിതാന്തവിശ്രമ-
മിയററി മിന്നിയ
ലതാനികുഞ്ജത്തെ;
സുരഭിപുഷ്പങ്ങളെ;

ഉപരിയാ,യവ-
സരമരുളിയോ-
രുപവനത്തെ;-യ-
ക്കടിലപ്പുംഗത്തെ;

സലജ്ജയാമെന്നെ
വിലക്കിയോതിയ
സരസഗീരുകൾ
പകിട്ടുതന്നെയോ?

*    *    *

ജനകവാത്സല്യ-
പയോധി-യങ്ങതി-
ലരുചി തീരാത്ത
ചവൎപ്പ് കാണില്ല.

അപരാധബോധ-
വിവശയാമെന്നെ
യപാകരിച്ചില്ല-
ത്തനയവത്സലൻ.

ക്രമാധികസ്നേഹ-
വിപുലഹൃത്തുമായ്
അമാന്തമെന്നി വ-
ന്നുടനെ ലാളിച്ചൊ,

ചലനഹീനമായ്
വനാന്തവും, സ്മയ-
ലളിതമൂൎത്തിയായ്
പവനൻ മോഹിച്ചു.

'വിധി' യെന്നു സമാ-
ശ്വസിപ്പിച്ചിതെന്നെ
വിധിതുല്യൻ പിതാ-
വതുല്യവത്സലൻ

ഫലാശയറ്റൊര-
പ്പിതൃസ്നേഹം, മന്നി-
ന്നിലയിൽ ഞാനെത്തും
കഥയൂഹിച്ചാകിൽ?

തനയവാത്സല്യ-
പരവശയായു-
മനവലകർത്തവ്യ-
പ്രബുദ്ധയായുമേ

അനുപദമാഞ്ഞു
തിരിഞ്ഞു നിന്നെന്നെ-
യനുശയപൂർവ്വം
കനിഞ്ഞു നോക്കിയും;

കടുതപശ്ചാത്താ-
കഠിനരാകുമാ
വടുക്കളെല്ലയ-
ന്നുടനെ വാങ്ങിയും

സഭാതലം വിട്ടോ-
രമലഗൌതമി-
സ്സുപുത്രത വീണ്ടു-
മണച്ച ദുഃഖിതേ!

അഥവാ, കുററമാ-
ക്കരുപാദം കർമ്മ-
മനുസരിപ്പതാ-
ണനുഭവമാക്കും

പുരുതീർത്ഥാസ്പദം
വണങ്ങിയപ്പൊഴു-
ഗ്ഗുരുജനപാദം
പണിഞ്ഞ നേരമോ?

വിരഹശുഷ്ക്കമെൻ
കരാംഗുലി വേറി-
ട്ടിരിക്കുമംഗുലീ-
യകം ജഗൽപ്രഭോ!!

അതെന്നിൽനിന്നു വേർ-
തിരിച്ചു നാഥനെ-
യതാട്ടെ, മാനമ-
ന്നൊടുത്തിടാഞ്ഞിൽ മേ?

"കുലകളങ്കകാ-
രണം ശകുന്തള"
തലമുറ മേലി-
ലിതു പറയുകിൽ

കറുത്തൊരാ വര
  തുടങ്ങുവാൻ മാത്രം
കരുത്തെഴും തപ-
  സ്സെനിയ്ക്കുതകുകിൽ?

ഒരേയൊരു മാത്ര-
  മറുക്ഷണത്തിലീ
ജഡം—തടഞ്ഞിത-
  ശ്ശപഥമപ്പടി

ഝടിതി രോമാഞ്ച
  മണച്ച മൌഗ്ദ്ധ-
സ്ഫുടനം—മാതൃത്വം
  മറന്നു സർവ്വവും.



8

## III

ഇന്നു ഞാനൊന്നുമോതേണ്ടതില്ല, മാ-
പ്പെന്നിരന്നു വിരമിയ്ക്കയെന്നിയെ

ഏതിനൊത്തപോൽ ചെയ്യുടൻ, തെററിയാൽ
ബുദ്ധിയിൽ പിഴ കാണുവോർ നാരിമാർ;

ഞങ്ങൾ ഭാവനാജീവികൾ; സൌഖ്യദുഃ-
ഖങ്ങളൊപ്പം കിനാവോടിണക്കുവോർ;

പിന്നെ,യാനന്ദമാത്രം കൊതിയ്ക്കിലും
വന്നതേതിനും മൌലി കുനിയ്ക്കുവോർ;

ഒന്നിനൊന്നേറെ ദുഃഖിച്ചിടുമ്പൊഴും
തന്നിലേതുമൊതുക്കിക്കഴിയുവോർ;

സ്നേഹകാണിയ്ക്കയായി സ്വദേഹവും
ദേഹിയും ബലിയർപ്പിച്ചിടുന്നവർ;

ഇസ്സമസ്തസമർപ്പണത്തിന്നുമായ്
മിക്കതും മാനഹാനിയേ നേടുവോർ

നിത്യവഞ്ചിതസൌഭാഗ്യമൂർത്തിക-
ളിത്രയെന്തിനു വിസ്തരിക്കുന്നു ഞാൻ

'ആണിനായജൻ സൃഷ്ടിച്ച പെണ്ണിനെ'
ജ്ഞാനിയോതിയാൽ പാഴായ്‌വരാപ്പദം.

നിത്യവൈദികവൃത്തിയി,ലെത്രമേൽ
വിജ്ഞനാകിലും നീയിന്നലൌകികൻ

മർത്ത്യസാമാന്യമായ ജിജ്ഞാസയാൽ,
വിശ്രമിക്കുമനദ്ധ്യായവേളയിൽ

ആത്മവൃത്തം തിരക്കിയോരാ വടു-
ശ്രേഷ്ഠനോടു തുടർന്നാൾ ശകുന്തള:—

"ശങ്കയെന്തിനി, നല്ലെങ്കിലോതിടാം,
സങ്കടം പറഞ്ഞൊട്ടു കുറച്ചിടാം.

ഞാനൊരപ്സരഃസംഭവയാണു, വി-
ജ്ഞാനി താതനോ ബ്രഹ്മർഷിയാമൊരാൾ

കണ്വപോഷിതയായി," പിന്നോമലിൻ
കൺ നിറഞ്ഞിതു ബാല്യസ്മരണയിൽ

'താതമാതാക്കളെങ്ങുപോയ്' അന്തരാ
ചോദ്യമിട്ടു കുതുകിയാമാ വടു

"അക്കഥയിരിക്കട്ടെ" തടഞ്ഞവൾ
മിക്കതും തല താഴ്ത്തിത്തുടർന്നോതി:—

"ഇസ്ഥിതിക്കു നിദാനമാം സംഭവ-
മൊട്ടെടുത്തു പറയേണ്ടതുണ്ടു മേ.

ഇഷ്ടമെന്താണെനിക്കു,ത്തു നേടിയേ-
യക്ഷമാലയുമച്ഛനെടുക്കളളൂ;

ധാത്രി ഗൌതമിക്കിന്നുമരുമ ഞാൻ,
ആത്മതുല്യയാണാളിമാർക്കത്രയോ,

ആശ്രമസ്ഥലക്കശേഷമെളിമ ഞാ-
നാശ്രയമായ കാല''ത്തിടറിനാൾ:—

"ആ മലകളാ, മാലിനി, മാനുക-
ളാ വനാന്തമേ മന്മയമാകവെ

അന്നൊരിയ്ക്കലപ്പൂവാടി, രണ്ടു ഹൃൽ-
കന്ദളങ്ങളിണക്കിയിളംകാററിൽ.

ഇല്ല,തിലൊന്നു ചേൎന്നിളു മററതിൽ
നല്ല മിന്നലിൽ മുങ്ങിയ താരപോൽ.

ചിന്തയെന്നെ വിലക്കിയില്ലാ, നിധി
സ്വന്തമെന്നു ഹൃദയമോതീടവെ.

ചുററുപാടും മറന്നു ഞാൻ, പൂവിട്ട
പററുവല്ലി മരം വിട്ടൊഴിയുമോ?

എന്തനന്തരം''—ആസന്നസത്വയാ-
തങ്കമൂർച്ഛയാൽ കണ്ണീരൊഴുക്കിനാൾ:—

"സാവ്വഭൌമനദ്ദേഹം,മിയ്ക്കുള്ളവൾ
കേവലം പ്രജ,യുൎവ്വി നിമ്നോന്നതം

താൻ നനച്ചു തഴച്ച പൂവാടിയെ
താനൊഴിഞ്ഞു തപിച്ചതാ,ണെങ്കിലും

മാനിയാം ഘനം മാനിച്ചുകാണുമോ
വേനൽ വേവിച്ച പല്ലവം ചേപ്പൊളം

തെററിതിലെന്നു” നിന്നുപോയ് തന്മൊഴി-
യററു തൽപ്രജ്ഞ, താങ്ങി വൈഖാനസൻ.

മിക്ക ദുഷ്ടതദൃഷ്ടവും കണ്ടുടൻ
വെക്കമെത്തി മറയ്ക്കുമത്താമസി

പുക്കിതുൽകടോൽകണ്ഠയാലാ രംഗം
മുക്കിയാത്മതമസ്സിലൊളിപ്പിയ്ക്കാൻ

ലോകമൊന്നുമറിയാത്തമാതിരി-
യ്യൈകമത്ര്യം വരിച്ചു സുഷുപ്തിയിൽ

വാനമെന്തിനോ വീർപ്പുമുട്ടുന്നതാം
കാണുമാറായതുല്യമചലം.

## IV

അത്യഗാധാന്തമാം വീചികൾതന്മീതെ
പ്രത്യഗ്രബുൽബുദം ചിന്നി;

പാർത്തുറ്റുനോക്കുന്ന വാനിലെ മേഘത്തി-
ന്നാർത്തിഹരണമായെണ്ണി;

ഒന്നൊന്നായ് നേരിടും ബന്ധം തടഞ്ഞേവം
മുന്നോട്ടേയാഞ്ഞൊഴുകുന്നി;

തത്തീരവൃക്ഷാദി ബിംബിച്ചതിസ്ഫുട-
മത്രമേലാ നദി മിന്നി.

മാതൃഹൃദയത്തിലാത്മജച്ഛായപോൽ
മാനം നിഴലിച്ചു തന്നിൽ;

മേദുരാനന്ദമാർന്നങ്ങിങ്ങുറ്റീക്ഷിച്ചു
താരകക്കൺകളാ വിണ്ണിൽ;

തീരത്തിൽ പൊന്തിയ സാരസമായവ
പാരം വിലസിയി തന്നിൽ;

അപ്പരാശക്തിതൻ ലീലകളീവിധം
തപ്പാതെ കണ്ടഥ മുന്നിൽ;

എന്തിനോക്കുന്നു ജിജ്ഞാസയാർന്നാദരാൽ
ഗോത്രശിഖരമൌത്സുക്യാൽ;

കൊച്ചുമരുത്തിലും കൈവിറച്ചീടുന്നി-
തശ്ശാഖിസ്തോമവും വാർദ്ധക്യാൽ;

ലോകക്ഷണികതയോതിത്തരു താഴ്ത്തി
വേദജ്ഞരേയും പാർത്ഥക്യാൽ;

അത്തവ്വിലപ്പരിതഃസ്ഥിതികാന്തിനി-
മഗ്നമായേതോ മഹസ്സിൽ;

വിണ്ണും ജഗത്തുമന്യോന്യമാശ്ലേഷിച്ചു
നിന്നു വീക്ഷിച്ച രഹസ്സിൽ;

മാററൊലിക്കൊണ്ടിതശ്ശാന്തപ്രദേശത്തി-
ലേററമലൌകികനാദം.

ഉററുപാർത്തപ്പുറം ശ്രദ്ധിപ്പോരാൾക്കക-
ത്തൊട്ടേറിയെന്തോ പ്രസാദം!

പെട്ടെന്നിടിനാദം കേട്ട മയിലെന്ന
മട്ടായി, തസ്വസ്ഥസ്വാന്തം.

ബുദ്ധിയ്ക്കറിയരുതാത്ത വശങ്ങളെ
പ്രത്യക്ഷമോരും ഹൃദന്തം

ഒട്ടാലോചിച്ചില്ല, നേരിട്ടിതാ വ്യക്തി
വിട്ടുടൻ മന്ദമേകാന്തം

"എണ്ണാതെയിന്നിതിൻ പായിലെപ്പുല്ലുക-
ളെന്നെ വിട്ടു, ഞാൻ പോരില്ലാ."

ഈററുസിംഹത്തിൻെറ പാൽ ചുരക്കും മുല-
മാററി, ത്തൽ പൈതലെപ്പററി,

കൈതടഞ്ഞാവലാതിപ്പെട്ടും ധാത്രിയോ-
ടീഷ്യയാ ചൊല്ലിതൊരുങ്ങി.

"എണ്ണാതെയിന്നിതിൻ വായിലെപ്പല്ലുക-
ളെന്നെ വിട്ടു, ഞാൻ പോരില്ലാ."

എന്തൊരധൃഷ്യത,യെന്തു തേജസ്വിത-
യെന്തൊരലൌകികശക്തി?

സിംഹി വളർത്തുവളുവായി, കുട്ടനോ
സിംഹമായ് തന്നഗ്രഭൂവിൽ

ശാന്തി സഹിച്ചില്ലാ, വീര്യപ്രഗത്ഭത
താന്തയായ് കേവലം തന്വി.

"മറ്റെന്തും നല്കിടാമോമനേ,"യെന്നവൾ
തെറ്റിച്ചു മാർഗ്ഗം കാര്യാർത്ഥം

"ചിട്ടാണെല്ലല്ലി"യക്കുട്ടിതാപം മുന്നിട്ടു
ധൃഷ്ടതയാലേ സമുദ്ധം

വിട്ടില്ല സിംഹത്തെ,പ്പിൻതിരിഞ്ഞോമന
ചെറു ശങ്കിച്ചാലോചിക്കെ,

നെറ്റിയിൽ പാറുമളകത്തെപ്പൂന്തെന്നൽ
മുറ്റുമണഞ്ഞുമ്മവെക്കെ,

ചിന്താകുടിലഭ്രൂലീലാവിലാസമ-
ച്ചെന്താർവദനാഭ കൂട്ടി;

ചിന്നും കുനുകുന്തളാരമ്യമാകുമ-
ഗ്ഗണ്ഡമധരാഭ പററി;

എന്തോ കഥിക്കുവാൻ വെമ്പി, വിറയാർന്ന
ചുണ്ടിൽ രദനാഭയേറീ;

സന്ധ്യാരുണിമയിൽ ചന്ദ്രികയെന്നപോൽ
ബന്ധുരത്വം വിധം മാറീ;

ചിന്നിച്ചിതറിന കാറിരുൾക്കുന്തള-
ത്തിന്നിടയ്ക്കീക്ഷിക്കും മേനി—

ശാരദാകാശാഭ താഴ്ത്തീ, വടിവൊത്ത
ചാരുതയ്ക്കെങ്ങൊരു ഹാനി?

അസ്സൌഭഗപ്രവാഹത്തിലൊലിക്കുവോ-
രസ്സതിതന്മനഃപോതം

ചഞ്ചലമായ് ക്ഷണ,മാരോമലക്ഷമം
"വഞ്ചന"യെന്നാൻ സക്രോധം.

ഭാവിജ്ഞനേകിയ "സർവ്വദമനാ"ഖ്യ
നീ, വ്യർത്ഥമാക്കില്ലെന്നോതി

ആജന്മവാസന,യെന്നാശ്വസിക്കയ-
ശ്ശോഭന തോററ മനസ്സാൽ

താനേ മറന്നങ്ങു നില്ക്കും പുമാനുടെ
ധ്യാനം നിലച്ചിതു പാടെ

നിർന്നിമേഷങ്ങളായീടെ,ത്തദക്ഷിക-
ളൊന്നുഴന്നു ധാത്രിക്കൂടെ

ഒന്നാടി നോക്കുവാനാനവരംഗത്തി-
ലിന്ദുവും മന്നിലേക്കാഞ്ഞു.

V

എന്തോതി നീ സഖി ചൊല്ലുകൊരിക്കൽക്കൂ-
ടെന്തായീടിലുമസ്തോകമനോക്തി.

വ്യർത്ഥമെന്നാകിലുമിഷ്ടകാര്യോക്തികൾ
തുഷ്ടി ചേർത്തീടുമെന്നോർക്കില്ലേ?

“എന്നാര്യപുത്രനണ്ടാശ്രമോപാന്തത്തിൽ,
പൊന്നോമൽ കണ്ടുപോയ് തന്നുള്ളിനെ!!

എന്നെയി—ജ്ജീർണ്ണതപസ്വിനി—യെയുമ-
ധന്യനന്വേഷിപ്പി,തെന്തിതെല്ലാം?”

സ്വപ്നമാണെങ്കിലുണരാതിരിക്കു ഞാ-
നൾഭ്രമമെങ്കിൽ ശമിക്കാക്കട്ടും.

ഇല്ലി,ല്ലുറങ്ങീലുഴലിലും ഭ്രാന്തിയീ—
ചെല്ലക്കിടാവുള്ള കാലമല്ലാ.

തത്വമിതായിടാം—സൽകാലകാര്യമി-
ന്നെത്രതാൻ ശോഭനമായിക്കൂടാ?

നന്ദി ഞാനെന്തോതുമെൻതോഴി,യുൽക്കണ്ഠ-
യന്വേഷിച്ചീടും മുമ്പാടി തുഷ്ടി.

ആ നവ്യോപഹാരമർപ്പിച്ചീടേണ്ടതു-
ണ്ടാ വനവാസികൾക്കെല്ലാമവൾ.

സൌരഭ്യവാഹിയാം കാററിൻഫലാശയേ
താരോലുമാ ഹൃദയത്തിനുള്ളു.

* * * *

വിപ്രയോഗത്തിലും ദുസ്സഹം താൻ പുന-
ർദ്ദർശനജന്യമാമേതോ ഭാവം.

ദുഷ്ക്കരമാമാ മിനുട്ടിനു മുമ്പുണ്ടാ-
മുൽക്കണ്ഠ മൂർച്ഛയണച്ചീടാഞ്ഞിൽ.

ആരമ്യമാകിലു,മേതു ഭാവത്തിനും
പാരമ്യമുള്ളുലച്ചീടുവൊന്നാം.

മറെറാരു ഭാഗത്തൂടോട്ടിനാൾ ചിന്തയെ
മൂററും മനോഹരി, "ഞാൻ പിഴച്ചു,

എന്തിന്നിനിയ്ക്കിന്നിമേലാപ്പുറംപൂച്ച
ചിന്നുന്ന ദുഃസ്വാതന്ത്ര്യാവകാശഫലം?

എന്തിന്നെനിയ്ക്കിന്നിമേലാ വിഷാംശുകം
ചന്തം കലരുന്ന സർപ്പപോതം?

അക്കയ്യിനിയും ശമിപ്പതേയുള്ളൂ, ഭീ
മെത്തും വിഷാഗ്നിയേററാറിയില്ല്യാ.

വീണ്ടുമാ ഹൃത്തും ഞെരുക്കുന്ന ശൃംഖല
പൂണ്ടുവിഷമിച്ചീടേണമോ ഞാൻ?

ഇല്ല്യ ചവിട്ടിയ കാൽ പിടിക്കില്ല്യ ഞാൻ,
നല്ല്യാരവമതിയിൽ സുഖിയ്ക്കാ.

പ്രേമപ്പകിട്ടേന്തി വന്നൊരക്കാമത്തെ-
ക്കാമം ഞാനാരാധിച്ചുള്ളതെന്ന്യേ

സാർവ്വഭൗമനു ഞാൻ ചെയ്ത തെറ്റെന്തൊന്നാ-
ണാവിധമെന്നെന്നെ സന്ത്യജിപ്പാൻ.

കാർമ്മയത്തുംവിറകൊള്ളിച്ചു സാധ്വിയെ
പ്രേമക്കുരുന്നപ്പോളോടിയെത്തി.

"പുത്രനാണത്രെ ഞാനമ്മേ,'യയാൾ'ക്കതു
ദുഷ്യന്തനല്ല്യ,ല്ല്യ വന്നു നോക്കൂ,

ആണെങ്കിലെന്തിഷ്ടമാണെന്നി,ട്ടിങ്ങേവം
കേണന്തിയാക്കൊല്ല്യ പോത്രു വേഗം."

നിശ്ചലധ്യാനത്തെക്കൂസാതെ,യമ്മതൻ
വല്ക്കലത്തുമ്പു വലിച്ചു കുട്ടൻ

തുള്ളിത്തുളുമ്പിവന്നെത്തിയ ഭാസ്വാനെ
കല്യ, കാല്യാംഗനയെന്നപോലെ

സർവ്വം മറന്നു തുടർന്നാൾ ശകുന്തള
സർവ്വദമനനെ ഛായപോലെ.

## VI

ആത്മശുദ്ധി ശങ്കിയ്ക്കയില്ലാരെയു,മപ്പതിവ്രത
സ്വാത്മനാഥപദം കൂപ്പിയിടരെന്നിയെ

"ക്ഷമിയ്ക്കുകെ"ന്നുല്ലൂണ്ണയാ കുമ്പിയോരപ്രിയഹസ്തം
സമുത്സുകയാക്കി ലജ്ജിയ്ക്കിലും തനിയെ

"ആ മോതിര"മുഴറിനാൻ; സാനുശയം രാജനോതി,
"ധീവരന്റെ വലയിൽ പെട്ടിതു കിട്ടവെ,

കാമനേ, ഞാൻ പാപപരിഹാരത്തിന്നസാധ്യമായി-
ത്തീരുകിലെന്നോർത്തുഴന്നേൻ രാജ്യപ്രേമത്താൽ."

ആ വാക്കിലുള്ളാശയം രോമാഞ്ചകഞ്ചുകിതയാക്കി-
ബ്ബാലവജ്ഞയാമോമലാളെ,യെന്നിരിയ്ക്കിലും

സാവധാനമുരച്ചാൾ "മൽതപോവിഘ്നമാകെത്തീർന്നു
ചേവടിയിലപ്പിക്കന്നേനങ്ങേക്കുഞ്ഞിനെ

യഥാകാലം മുടിചൂടിച്ചവനെ,യങ്ങിഷ്ടപ്പെട്ടാ-
ലിതേ സ്ഥാനമന്ത്യാശ്രമോചിതമാണെന്നും."

എന്തോ നിഗൂഢാർത്ഥം തേടുംപടത്തെയെന്നോണംരാജാ-
വന്തികസ്ഥപ്രിയാമുഖത്തുററുനോക്കിനാൻ.

വ്യഥാസംശയങ്ങൾ പൂണ്ടു മിഥോമൌനം നില്ക്കും പിതാ-
ക്കളോടോടിയടുത്തിതസ്സർവ്വദമനൻ.

"അതെയതേ," ചൊന്നാനവ"നമ്മേ, ഗുരു,വോതിയെ
പിതാവാണിതെന്നുതന്നെ"—വെമ്പിത്തുടർന്നാൻ (ന്റെ

“അമ്മയ്ക്കെന്തേ മൌഢ്യമിപ്പോഴും? വരൂ,” പിടിച്ചട-
നിർമ്മായമച്ഛനോടുണ്ണി വലിഞ്ഞടുത്തു. (ത്തുണി

അങ്ങിങ്ങിഴയറ്റുവീണ സൽപ്രേമശൃംഖലയെപ്പോൽ
കണ്ണിയായിനിന്നു യോജിപ്പിക്കെക്കണ്മണി.

ഗഗനവുമുഡുക്കളാൽ പുളകമിയന്നു, രാഗ-
വികാരമില്ലാത്തില്ലൊരു ജഡവസ്തുവും

“ശകുന്തളേ” സവാത്സല്യമൊരാഹ്വാനം കേട്ടക്ഷണം
വികലചേതസ്സാകിലുമവളുണർന്നു

‘സതീവ്രത’ മോർമ്മിപ്പിച്ചാനിരുകരങ്ങളും പൊക്കി
യതീശൻ “കല്യാണമസ്തു”വെന്നൊരാശിസ്സാൽ

“രാജർഷേ,” തുടർന്നാൻ ഗുരു, “തപ്തകാഞ്ചനമെന്നോണം
രാജിക്കും ശപ്തമായ് മുക്തികൊണ്ടൊരീപ്രേമം.

ഉണ്ണി, യോമൽഭരത, നീ നവ്യസമ്രാട്സ്ഥാപകനായ്
മന്നിൽ”—മുഴുമിച്ചില്ലാശി,സ്സുണ്ണി തടഞ്ഞാൻ

“ഗുരോ, പോവുകയായിതാ ഞങ്ങളിന്നെന്നച്ഛനോട-
മൊരുമിച്ചു, ഞാനെൻ രാജ്യം വാഴുമിന്നുതാൻ”

രാജോചിതപ്രൌഢിചേർന്നബ്ബാലിശത ലാലസിക്കെ
കാനനാന്തമാ പ്രഭയിലാകെ മുഴുകി.

ആശിസ്സിനുയർത്ത കയ്യാലാരോമലെപ്പൂണ്ടണച്ചു
വാത്സല്യലാളനമേകി നിന്ന നിമിഷം

സർവ്വസംത്യാഗിയാകുമാ മരീചിഗാർഹസ്ഥ്യസുഖ-
പ്രലോഭനം ഭയന്നോ ഹൃത്തേകാഗ്രമാക്കീ?

## VII

കണ്വമഹർഷി വ-
ന്നില്ല തന്നാശിസ്സു
ധന്യനയച്ചിരി-
ക്കുന്നു ദൂതൻവഴി

അന്തഃപുരാന്തര-
മാന്റു മഹിഷിയോ-
ടന്തമ്മുദാ നമ്മ-
മോതവെ ഭൂമിപൻ

ചൊന്നാൻ തുടന്നുട-
നന്വേഷണം ചെയ്തു
ധന്യരായീടും ഭ-
വൽസഖീയുഗ്മവും

ചങ്ങാതിമാരെ മ-
റക്കൊല്ലിലും ക്ഷണം
തന്നാഥവക്ത്രത്തിൽ-
നിന്നു പേർ കേൾക്കവെ

കാതാവതല്ലാത്ത
ചിത്തവികാരമാ-
ന്നേതെത്തുരസ്സേണ-
മെന്നവൾ വെമ്പവെ

പുഞ്ചിരിക്കൊണ്ടു ദു-
ഷ്യന്തൻ, "ഭവതിയെ
വഞ്ചിച്ചതാരെന്ന-
റിയുമോ" ചോദ്യമായ്

വഞ്ചന ശങ്കിച്ചി-
ടറിനാൾ ശോഭന
വഞ്ചിച്ചതെന്നെ ഞാൻ
തന്നെ വിമൂഢയായ്

ആനന്ദമുഗ്ധത-
യിങ്കലും ദൈന്യമൊ-
ട്ടാനനകാന്തി കു-
റച്ചുകണ്ടവ്വിധം

അക്ഷമം രാജാധി-
രാജനരച്ചു "നി-
നക്ഷാന്തിതാനിതി-
ന്നാസ്പദമെങ്കിലും

തെറ്റെൻറയാണെ,ന്നെ-
യോർത്തിരുന്നന്ധയായ്
മിറ്റത്തു വന്ന ദു-
ർവ്വാസസ്സിനെത്തടാ

ധിക്കരിച്ചത്രെ നീ-
യോമലേ, ക്രുദ്ധനേ-
ത്തുൽക്കടചച്ച്യു-
മുൾശ്ശൂമമേകിടാ.

ശപ്തയായ്ത്തീർന്ന സ-
ഖിയ്ക്കായ് തപഃപ്രഭാ-
വത്തെ വരിച്ച വ-
രപ്രാപ്തി നേടിയോർ

രാമനെത്താഴിമാ-
രന്നടയാളമാ-
യാ മോതിരത്തിൻെറ
സൂചനയേകിയോർ

അന്തമററാധി പി-
ടിച്ച നിന്നുൾഭ്രാന്തി
ചിന്തിച്ചതോ,താതി-
കന്നാളുമൌചിതി.

വിസ്മരിച്ചോതിയി
ന്നാഗത’’നിക്കഥ
നിശ്ചലം നിന്നു ശ്രു-
വിച്ചാൾ ശകുന്തള

“എന്നിനി നിസ്വാർത്ഥ-
സ്നേഹമിയലുമ-
ച്ചങ്ങാതിമാരൊത്ത-
മരാവു മേലിൽ ഞാൻ?

അല്ലെങ്കിലാഗാമി-
വൈഭവം നേടുവാ-
നല്ലേ വെടിവത-
തീതാഞ്ഛിതങ്ങൾ നാം.

എന്നാലുമസ്മൃതി,
ഭാവുകദായിയായ്
വന്നാവു” തങ്കരം—
ഭക്ത്യാ മുകുളമായ്!

കേരള സാഹിത്യ അക്കാദമി
തൃശൂർ

# പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1. | ഏകലോകം (വൻഡെൽ വില്ക്കിയുടെ One World എന്ന പുസ്തകത്തിന്റെ മലയാളതർജ്ജമ) | 3 | 0 | 0 |
| 2. | ഗാന്ധിയുടെ കൂടെ (ലൂയി ഫിഷർ) | 2 | 8 | 0 |
| 3. | അനർഘനിമിഷം (വൈക്കം മുഹമ്മദ് ബഷീർ) | 1 | 4 | 0 |
| 4. | ജന്മദിനം ,, | 1 | 8 | 0 |
| 5. | കഥാബീജം ,, | 1 | 4 | 0 |
| 6. | ബാല്യകാലസഖി ,, | 1 | 4 | 0 |
| 7. | മണിമാളിക (എസ്. കെ. പൊറ്റെക്കാട്ട്) | 1 | 8 | 0 |
| 8. | ചന്ദ്രകാന്തം | 1 | 0 | 0 |
| 9. | കടാക്ഷം (ജെ. മുണ്ടശ്ശേരി) | 1 | 0 | 0 |
| 10. | അന്തരീക്ഷം ,, | 1 | 4 | 0 |
| 11. | കാവ്യപീഠിക ,, | 1 | 8 | 0 |
| 12. | മാറ്റൊലി ,, | 1 | 0 | 0 |
| 13. | മാനദണ്ഡം ,, | 1 | 4 | 0 |
| 14. | നിഴലുകൾ (രാമകൃഷ്ണപിള്ള) | 1 | 4 | 0 |
| 15. | നിഴലാട്ടം (കുട്ടിക്കൃഷ്ണമാരാർ) | 1 | 4 | 0 |
| 16. | വിചാരവിപ്ലവം (കുററിപ്പുഴ) | 1 | 8 | 0 |
| 17. | കടത്തുവഞ്ചി (കെടാമംഗലം) | 1 | 8 | 0 |
| 18. | മനുഷ്യപ്പുഴുക്കൾ (മാക്സിം ഗോർക്കി) | 1 | 8 | 0 |
| 19. | റെയിൻബൊ (1943-ലെ സ്റ്റാലിൻ സമ്മാനാർഹമായ നോവൽ) | 2 | 8 | 0 |
| 20. | തറവാട്ടമ്മ | 1 | 8 | 0 |
| 21. | ബാബിലോണിലെ രാജകുമാരി | 1 | 8 | 0 |
| 22 | .ഇരുട്ടാക്കുക. | 1 | 0 | 0 |
| 23. | മനുഷ്യൻ (കെ. ദാമോദരൻ) | 2 | 0 | 0 |
| 24. | ഒരു സ്ത്രീയുടെ ജീവിതം (മൊപ്പസങ്ങ്) | 2 | 8 | 0 |
| 25. | സ്ത്രീജന്മം (കെ. സരസ്വതിയമ്മ) | 1 | 8 | 0 |
| 26. | പൊന്നുംകുടം ,, | 1 | 4 | 0 |
| 27. | മൂടുപടത്തിൽ (ലളിതാംബിക അന്തർജ്ജനം) | 1 | 8 | 0 |
| 28. | കൊച്ചനുജത്തി (കാരൂർ) | 1 | 4 | 0 |
| 29. | 6 റഷ്യൻകഥകൾ (എൻ. പി. നാരായണൻനായർ) | 1 | 4 | 0 |
| 30. | സൈക്കിൾ (പോഞ്ഞിക്കര റാഫി) | 1 | 0 | 0 |

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.